Vol-1,N0:30
10-11-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾക്കുമേൽ നിയന്ത്രണം ആവശ്യം : മാർ തോമസ് ചക്യത്ത്
02. പൂജാരിയും പുരോഹിതരും സാക്ഷി സന്ധ്യക്ക് തുളസീധരൻ തുണ
03. വിശ്വാസികൾ കമ്യൂണിസ്റ്റാകുന്നത് വൈരുദ്ധ്യം - മാർ ജോസഫ് പെരുന്തോട്ടം
04. മാർക്സിസമാണ് മയക്കുമരുന്ന്
05. മതവിശ്വാസവും മാർക്സിസവും ഒത്തുപോവില്ല -ബിഷപ് ജോസ് പെരുന്നേടം.

## 01. കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾക്കുമേൽ നിയന്ത്രണം ആവശ്യം : മാർ തോമസ് ചക്യത്ത്

(Deepika 09-11-2007)

കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ആവശ്യമായിരിക്കുന്നെന്നു കെ. സി. ബി. സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ തോമസ് ചക്യത്ത്. എറണാകുളം -അങ്കമാലി അതിരൂപതയുടെ ആഭിമുഖ്യത്തിൽ കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച കരിസ്മാറ്റിക് കുടുംബോത്സവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവീകരണ പ്രസ്ഥാനങ്ങളിൽ ചില പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലൂടെ വളർന്നു വരുന്നവർ പിന്നീട് സഭയുടെ പാരമ്പര്യത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് നിയന്ത്രണം ഏർപ്പെടുത്തേണ്ട ആവശ്യകതയുണ്ടായിട്ടുള്ളതെന്നു മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. സഭ ഏകവും വിശുദ്ധവും സാർവത്രീകവുമാണ്. സഭ ലഹരി വിരുദ്ധ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഈ ക്രിസ്മസിന് ഭവനങ്ങളിൽ ലഹരി ഉപയോഗിക്കാതിരിക്കാൻ വിശ്വാസികൾക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. സ്നേഹം, ദയ, നീതി എന്നിവയിൽ അധിഷ്ഠിതമായ ജീവിതം നയിച്ചാൽ കുടുംബം സ്വർഗ്ഗതുല്യമാക്കി മാറ്റാൻ കഴിയും. പുതിയ സൃഷ്ടിയായി മാറാൻ നാം പ്രർത്ഥിക്കണം, വിശ്വാസജീവിതം നയിക്കുന്നവർ സമൂഹനന്മയ്ക്ക് കരുത്തു പകരുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവരാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 02. പൂജാരിയും പുരോഹിതരും സാക്ഷി സന്ധ്യക്ക് തുളസീധരൻ തുണ

(Malayla Manorama 29-10-2007)

ഉറവ വറ്റാത്ത സ്നേഹത്തിനും കാരുണ്യത്തിനും മുന്നിൽ മനുഷ്യൻ തീർത്ത മതങ്ങളുടെ മതിലുകൾ ഭേദിച്ച് ക്ഷേത്രാങ്കണത്തിൽ പൂജാരിയും പുരോഹിതരും കന്യാസ്ത്രീകളും ഒത്തുചേർന്നത് മതസൗഹാർദ്ദത്തിന്റെ അപൂർവ്വ കാഴ്ചയായി. നെയ്യാർഡാം മുരുകൻ ക്ഷേത്രത്തിൽ നിറപറയ്ക്കും നിലവിളക്കിനും മുന്നിൽ തുളസീധരൻ സന്ധ്യയുടെ കഴുത്തിൽ മിന്നുചാർത്തുമ്പോൾ കാർമികനായിരുന്ന പൂജാരിക്കൊപ്പമാണ് പുരോഹിതരും കന്യാസ്ത്രീകളും സാക്ഷികളായത്. അഞ്ചുവർഷം മുൻപ് ആശുപത്രി മുറിക്കുള്ളിൽ പരിചയപ്പെട്ട, നാടും വീടും ബന്ധുക്കളും കൈവിട്ട സന്ധ്യയെ തുളസീധരൻ ജീവിത സഖിയാക്കുമ്പോൾ, ഏഴുവർഷം സന്ധ്യയെ സംരക്ഷിച്ച മൺവിള സ്നേഹാശ്രമം അധികൃതർക്ക് ആത്മനിർവൃതിയുടെ നിമിഷമാണ് സമ്മാനിച്ചത്. എറണാകുളം സ്വദേശിയായ സന്ധ്യ ഏഴു വർഷം മുൻപാണു മൺവിള സ്നേഹാശ്രമത്തിലെത്തിയത്. ഇവരുടെ സംരക്ഷണത്തിലിരിക്കെ,അഞ്ചു വർഷം മുൻപ് അസുഖം ബാധിച്ചു തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുമ്പോഴാണു രോഗിയായ ബന്ധുവിനെ സന്ദർശിക്കാനെത്തിയ കള്ളിക്കാട് കോലിയക്കോട് റോഡരികത്തു വീട്ടിൽ തുളസീധരനെ പരിചയപ്പെടുന്നത്.

വിവരങ്ങൾ മനസ്സിലാക്കിയ തുളസീധരൻ അഞ്ചു വർഷത്തിനുശേഷം ആശ്രമത്തിലെത്തി അധികൃതർക്ക് മുന്നിൽ തന്റെ ആഗ്രഹം പ്രകടിപ്പിച്ചതോടെ മിന്നുകെട്ടിനു കളമൊരുങ്ങി. നെയ്യാർഡാം മുരുകൻ ക്ഷേത്രത്തിൽ ഹൈന്ദവാചാര പ്രകാരം ഇന്നലെ നടന്ന വിവാഹത്തിൽ വധുവിനൊപ്പം എത്തിയതു കാത്തലിക് ബിഷപ് കോൺഫറൻസിനു കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രറ്റേണിറ്റിയുടെ ഡയറക്ടർ ഫാ. ജോസ് കാരേക്കാട്ട്, ഫാ. പോൾ, സ്നേഹാശ്രമം ഡയറക്ടർ സിസ്ററർ മറിയം, സിസ്റ്റർമാരായ റാഹേൽ, സത്യഭാമ എന്നിവരും ചില ആശ്രമജീവനക്കാരും മാത്രം. ക്ഷേത്രത്തിനു മുന്നിലെ മണ്ഡപത്തിൽ വിവാഹിതരാകണമെന്ന തുളസീധരന്റെ ആഗ്രഹത്തിനു സന്ധ്യയുടെ സംരക്ഷകരായിരുന്ന സ്നേഹാശ്രമം അധികൃതർ നിറ മനസ്സോടെ സമ്മതം മൂളിയപ്പോൾ, ക്ഷേത്രമുറ്റം മലയാളിയുടെ മതേതര ബോധത്തിന്റെ വേറിട്ട വേദിയായി.

03. **വിശ്വാസികൾ കമ്യൂണിസ്റ്റാകുന്നത് വൈരുദ്ധ്യം – മാർ ജോസഫ് പെരുന്തോട്ടം**

(Mathrubhumi 05 -11-2007)

ദൈവവിശ്വാസികൾ നിരീശ്വരവാദപ്രസ്ഥാനമായ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുന്നത് വൈരുദ്ധ്യമാണെന്ന് ചങ്ങനാശ്ശേരി അതിരൂപതയുടെ സർക്കുലർ. രണ്ടു വള്ളത്തിൽച്ചവിട്ടി മുന്നോട്ടു പോകാനാവില്ലെന്ന സത്യം മറക്കരുതെന്നും ആർച്ച് ബിഷപ്പും മാർ ജോസഫ് പെരുന്തോട്ടത്തിന്റെ കൈയൊപ്പുകൂടിയ സർക്കുലറിൽ സൂചിപ്പിക്കുന്നു. അടുത്ത ഞായറാഴ്ച അതിരൂപതാ, പള്ളികളിൽ വായിക്കാൻ തയ്യാറാക്കിയ സർക്കുലർ ചെത്തിപ്പുഴ തിരുഹൃദയ ദേവാലയത്തിൽ തിരുനാൾ ആഘോഷത്തിനു മുന്നോടിയായി കഴിഞ്ഞദിവസം വികാരി ഫാ. തോമസ് ചൂളപ്പറമ്പിലാണ് വായിച്ചത്. സഭയിലും ഒരു നിരീശ്വരപ്രസ്ഥാനത്തിലും ഒരേസമയം ഒരാൾക്ക് അംഗമായിരിക്കാൻ സാദ്ധ്യമല്ല. ദൈവത്തെയും പിശാചിനെയും (മാമോൻ) ഒരുമിച്ച് സേവിക്കാൻ സഭയ്ക്ക് സാധിക്കില്ല. ഒരു നിരീശ്വരപ്രസ്ഥാനത്തിന് അധികാരം ലഭിച്ചാൽ നിരീശ്വരാധിപത്യം സ്ഥാപിക്കാൻ തുനിയും. അതിനാൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഒരു രാഷ്ട്രീയപ്പാർട്ടിയായി മാത്രം കാണുന്നത് അപകടമാണെന്നും സർക്കുലർ വ്യക്തമാക്കുന്നു. കലാലയരാഷ്ട്രീയത്തിന്റെയും അക്രമരാഷ്ട്രീയത്തിന്റെയും തിക്തഫലങ്ങൾ നാം നേരിടുകയാണ്. വിദ്യാഭ്യാസത്തെ വരുതിയിലാക്കാനുള്ള കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ നീക്കം കേരളത്തിൽ ആദ്യമല്ല. എം. എൽ. എ ആയിരുന്ന മത്തായി ചാക്കോയുടെ കൂദാശ വിവാദത്തിന്റെ പശ്ചാത്തലവും ഇടയലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. മാമ്മോദീസയിലൂടെ സഭാംഗമായിത്തീർന്ന ഒരാൾ പിന്നീട് വിശ്വാസത്തിൽ നിന്ന് അകന്നുപോയാലും ആ വ്യക്തിയുടെ തിരിച്ചുവരവിനായി സഭ പ്രാർത്ഥനാപൂർവ്വം ശ്രമിക്കുകയും കാത്തിരിക്കുകയും ചെയ്യുമെന്നും സർക്കുലറിലുണ്ട്.

04. **മാർക്സിസമാണ് മയക്കുമരുന്ന്** (Veekshanam 06 -11-2007)

മാർക്സിസവും അതിന്റെ പ്രത്യയശാസ്ത്രമായ കമ്മ്യൂണിസവും കലാഹരണപ്പെട്ടിട്ട് കാലംകുറച്ചായി. കമ്മ്യൂണിസത്തിന്റെ മഹാസൗധം കെട്ടിപ്പടുത്ത റഷ്യയിൽ അത് ചീട്ടുകൊട്ടാരം പോലെ നിലം പതിച്ചു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് കോട്ടകൾ തകർന്നടിഞ്ഞു. മുതലാളിത്ത രാജ്യമായ അമേരിക്കയും മറ്റുമായി ചങ്ങാത്തം കൂടി മുന്നേറുന്ന ചൈനയിലും കമ്മ്യൂണിസം കാലഹരണപ്പെട്ട ആശയമാണ്. മാർക്സിസത്തിനു എവിടെയാണ് തെറ്റുപറ്റിയത്? തെറ്റുപറ്റിയിട്ടില്ലെന്നു വിശ്വസിക്കുന്ന മൂലതത്ത്വവാദികളെ മാറ്റിത്തീർക്കാൻ സാധ്യമല്ല. എന്നാൽ ചിന്താശക്തി പൂർണ്ണമായും മേലാളന്മാർക്ക് തീറെഴുതിക്കൊടുത്തിട്ടില്ലാത്ത മനുഷ്യന്മാർ നമ്മുക്കിടയിലിപ്പോഴുമുണ്ടല്ലോ? അവർക്കുവേണ്ടിയാണീ കുറിപ്പെഴുതുന്നത്.

പത്തൊമ്പതാം നൂറ്റാണിന്റെ പകുതിയിലാണ് കാൾ മാർക്സിന്റെ ചിന്താപദ്ധതി രൂപംകൊള്ളുന്നത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരവും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന ദുഷ്ടതയും കണ്ട് മനോവേദനയനുഭവിച്ച മാർക്സിന്റെ ചിന്താലോകത്തിനു വെളിച്ചമായിരുന്നത് അക്കാലത്തെ ഭൗതികവാദപ്പെരുമകളായിരുന്നു അതിന്റെ നാരായവേരായ ദ്വന്ദ്വമാനഭൗതിക വാദത്തിന്റെ അരികുപറ്റിയാണു മാർക്സ് മാനവരാശിയുടെ ചരിത്രപശ്ചാത്തലവും വികാസപരിണാമങ്ങളും പഠിച്ചുറപ്പിച്ചത്. ഈ അടിത്തറയിലാണല്ലോ ദ്വന്ദ്വമാനഭൗതികവാദ സിദ്ധാന്തവും അതിന്റെ പ്രയോഗ രീതിയായ വർഗ്ഗസംഘടന തത്വവും ജനസമക്ഷം അവതരിപ്പിച്ചത്. ആ പ്രയത്നത്തിൽ അദ്ദേഹത്തിനു സഹായകമായി ഒരു മുതലാളിയും(എംഗൽസ്) കൂട്ടിനുണ്ടായിരുന്നു. മാർക്സിന്റെ തത്വത്തെ പൂർണ്ണമായി സ്വീകരിച്ചോ അഥവാ ഭാഗീകമായി സ്വീകരിച്ചോ മഹാനായ ലെനിനും കൂട്ടുകാരും സംഘടിപ്പിച്ച റഷ്യൻ വിപ്ലവത്തോടെ ലോകത്തിൽ ഒരു പുത്തൻ പ്രഭാതം – 'അരുണോദയം' ('പിങ്ക് ട്വന്റീസ്') നിലവിൽ വന്നുവെന്നു പല മനീഷികളും വിശ്വസിച്ചിരുന്നു. എന്നാൽ, അവരുടെ വിശ്വാസത്തെയും പ്രതീക്ഷകളെയും ഭഗ്നമാക്കിക്കൊണ്ടാണ് പിന്നീടുള്ള സംഭവവികാസങ്ങളുടെ ഗതിക്രമമുണ്ടായത്. എന്തായിരുന്നു അതിന്റെ ഹേതു? ചിന്തിക്കുന്നവർക്ക് കാരണം കണ്ടുപിടിക്കുക ആയാസകരമല്ലായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ഭൗതിക ശാസ്ത്രം ഇരുപതാം നൂറ്റാണ്ടോടെ അമ്പേ മാറിപ്പോയി.

1904-ൽ ഐൻസ്റ്റിന്റെ 'ആപേക്ഷിക സിദ്ധാന്ത'വും പീന്നിട് പ്ലാങ്ക്, ഹൈസൻബെർഗ്ഗ് തുടങ്ങിയവരുടെ 'ക്വാണ്ടം' തിയറിയും വന്നതോടെ പ്രപഞ്ചത്തിന്റെ സത്ത 'ദ്വന്ദമാനമല്ല' എന്നും 'ഏകമാനമാണ്' എന്നും തെളിയിക്കപ്പെട്ടു. വസ്തുവും (പദാർത്ഥം) ചൈതന്യവും (എനർജി) രണ്ടല്ല, ഒന്നാണെന്ന അദ്വൈത സിദ്ധാന്തം പ്രബലമായി. 'ചേരികൾക്ക് ' അർത്ഥമില്ലെന്ന് വന്നു. 'നിങ്ങൾ ഏത് ചേരിയിൽ?' എന്ന ചോദ്യം തന്നെ വിഡ്ഢിച്ചോദ്യമായി ആളുകൾക്കു തോന്നിതുടങ്ങി അന്നത്തിൽ നിന്നു തുടങ്ങുന്ന ജീവിതം ആനന്ദത്തിലാണവസാനിക്കുന്നതെന്നും സചേതനാചേതനമായ ഈ പ്രപഞ്ചത്തിലെ എല്ലാറ്റിനും ബാധകമാണെന്നും ബോധ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു ഉദ്ഘോഷിച്ച് അവതരിപ്പിക്കപ്പെട്ട തത്വശാസ്ത്രം തന്നെ മയക്കുമരുന്നായി അനുഭവപ്പെടുന്നതിലെ വൈരുദ്ധ്യവും ബീഭത്സവും മനസ്സിലാക്കാത്തവർ ഇന്നുമുണ്ടോ? അവർ ഹ! കഷ്ടം!! എന്നല്ലാതെ എന്തുപറയാൻ. മനുഷ്യനെ നയിക്കുന്നത് 'നവമാനവീകത' (ന്യൂ ഹ്യൂമാനിസം) മാത്രമാണ്. എങ്കിൽ അവിടെ മതമോ, വിശ്വാസമോ, ആചാരമോ ഒന്നും തടസ്സമല്ല; അരോചകമല്ല. മാനവ സംസ്കൃതിയുടെ അരുളും പൊരുളുമായ ഇവയിൽ പലതും നിലനിൽക്കും. അർഹതയില്ലാത്തവ കാലഹരണപ്പെട്ട് പോവുകയും ചെയ്യും. മനുഷ്യവർഗ്ഗ മോചന പ്രയാണത്തിൽ ഇന്ന് രക്തക്കുരുതിയുടെ അകമ്പടി വേണ്ട. വേണ്ടേ, വേണ്ട.

05. **മതവിശ്വാസവും മാർക്സിസവും ഒത്തുപോവില്ല - ബിഷപ് ജോസ് പെരുന്നേടം.**

(Madhayam 04-11-2007)

കത്തോലിക്കാസഭയും ഇടതുസർക്കാരും തമ്മിൽ വിദ്യാഭ്യാസകാര്യത്തിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങൾ താത്ത്വികതലത്തിലുള്ള ചോദ്യമുയർത്തുന്നു. ഒരു കത്തോലിക്കാ സഭാംഗത്തിന് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കാനും തദടിസ്ഥാനത്തിലുള്ള ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിലോ, സംഘടനകളിലോ അംഗമാകാനും പ്രവർത്തിക്കാനും അവയോട് അനുഭാവം പുലർത്താനും കഴിയുമോ? മതവിശ്വാസവും മാർക്സിസവും ഒരുമിച്ച് കൊണ്ടുപോകുന്നതിൽ അപാകത ഇല്ലായെന്ന് ചിലരെങ്കിലും പറയാറുണ്ട്. മാർക്സിസ്റ്റ് പാർട്ടി നേതാക്കൾ തന്നെ പലപ്പോഴായി അത് ആവർത്തിക്കുന്നു. ദൈവവിശ്വാസം അടിസ്ഥാനമാക്കാത്ത മതങ്ങളെ സംബന്ധിച്ച് ഇപ്പറഞ്ഞത് ശരിയാവാം. എന്നാൽ, ദൈവവിശ്വാസം അടിസ്ഥാനപ്രമാണമാക്കിയ മതവിശ്വാസികൾക്ക് നിരീശ്വരത്വവും ഭൗതികവാദവും ഔദ്യോഗിക നിലപാടാക്കിയ പ്രസ്ഥാനങ്ങളോട് ഒത്തുപോകുക സാധ്യമല്ല. ദൈവവിശ്വാസവും അതുമായി ബന്ധപ്പെട്ട ജീവിതധാർമ്മീകതയും അടിസ്ഥാനപ്പെടുത്തിയ കത്തോലിക്കാ മത വിശ്വാസവും മാർക്സിയൻ പ്രത്യയ ശാസ്ത്രവും ഒരുമിച്ചുകൊണ്ടുനടക്കാൻ പറ്റില്ല എന്നത് തന്നെ കാരണം. മാർക്സിയൻ പ്രത്യയ ശാസ്ത്രത്തെ പാർട്ടിയിൽ നിന്നും അതിന്റെ ഉപസംഘടനകളിൽ നിന്നും വ്യതിരിക്തമായി കാണണമെന്നും അതിനാൽ കത്തോലിക്കർക്ക് കമ്മ്യൂണിസ്റ്റ് പാർട്ടികളിലും ഉപസംഘടനകളിലും പ്രവർത്തിക്കുന്നതിന് വിശ്വാസം പ്രതിബന്ധമല്ല എന്നുമുള്ള നിലപാട് അംഗീകരിക്കാനാവില്ല. മാർക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ പ്രായോഗികരൂപമാണ് കമ്മ്യൂണിസ്റ്റ് പാർട്ടികളും ഉപസംഘടനകളും. പ്രത്യയശാസ്ത്ര ലക്ഷ്യങ്ങളും അതിനുള്ള മാർഗ്ഗങ്ങളും അവ നടപ്പാക്കുന്ന ശൈലികളും എല്ലാം കൂടിചേർന്നതിനെയാണ് പ്രസ്ഥാനത്തിന്റെ ധാർമ്മികത എന്നു പറയുന്നത്. ദൈവവിശ്വാസവും യേശു ക്രിസ്തുവിന്റെ പ്രബോധനങ്ങളും അവ ലക്ഷ്യമാക്കുന്ന കാര്യങ്ങളും നടപ്പാക്കാനുപയോഗിക്കുന്ന മാർഗങ്ങളും മറ്റുമാണ് ക്രൈസ്തവ ധാർമ്മികതയുടെ കാതൽ. നിരീശ്വരത്വവും ഭൗതീകവാദവും വർഗ്ഗസമരവും തൊഴിലാളി സർവ്വാധിപത്യവും സായുധവിപ്ലവവും സ്വകാര്യസ്വത്ത് നിരാസവും ഉൽപാദന പ്രക്രിയയുടെ ദേശസാൽക്കരണവുമെല്ലാം അടിസ്ഥാനപ്രമാണമാക്കിയ മാർക്സിയൻ പ്രത്യയശാസ്ത്രവും അത് നടപ്പാക്കാൻ ശ്രമിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയും ഉപസംഘടനകളും കത്തോലിക്കാ മതവിശ്വാസത്തിൽ നിന്നും ധാർമ്മികതയിൽ നിന്നും ഏറെ അകലെയാണ്. ദൈവവും ആത്മാവും പരലോകവും ഉണ്ടെന്നും അതേസമയം തന്നെ ദൈവം എന്നു പറയുന്നത് മനുഷ്യസൃഷ്ടിയാണെന്നും ഈ ലോകത്തോടെ അവസാനിക്കുന്നുമെന്നുമെല്ലാം ഒരാൾക്ക് ഒരേ സമയം വിശ്വസിക്കാൻ സാധിക്കുന്നത് എങ്ങനെ? കേരളത്തിൽ കേരള കോൺഗ്രസ്സുകാർ മാർക്സിസ്റ്റുമാരുമായി കൂട്ടുകെട്ടുണ്ടാക്കിയതും, ലാറ്റിൻ അമേരിക്കയിൽ ക്രൈസ്തവർ ലിബറേഷൻ തിയോളജിക്ക് രൂപം കൊടുത്തത് കത്തോലിക്കർക്കും മാർക്സിസ്റ്റുകൾക്കും ഒരുമിച്ച് പോകാൻ കഴിയുമെന്നതിന് തെളിവാണെന്ന് പറയാനാവില്ല. കേരള കോൺഗ്രസ്സിലുള്ളവരെല്ലാം കത്തോലിക്കരാണെന്നും ആ പാർട്ടിയുടെ നിലപാടുകൾ കത്തോലിക്കാ സഭയുടേതാണെന്നും പറയുന്നതിന് തുല്യമാണല്ലോ ഈ പ്രസ്താവനയുടെ ആദ്യഭാഗം. ലിബറേഷൻ തിയോളജിക്ക് രൂപം കൊടുത്തവർ മാർക്സിയൻ സാമൂഹിക വിശകലന രീതിയുപയോഗിച്ച് നടത്തിയ ദൈവശാസ്ത്ര പരിചിന്തനങ്ങൾ സഭ ഔദ്യോഗികമായി സ്വീകരിച്ചില്ലെന്നു മാത്രമല്ല, പരസ്യമായി തള്ളികളഞ്ഞു എന്നും ഓർക്കേണ്ടതാണ്. മാർക്സിയൻ പ്രത്യയശാസ്ത്രവും കത്തോലിക്കാ വിശ്വാസവും ഒന്നുചേർന്നു പോവുകയില്ല എന്നുതന്നെയാണ് അതിനർത്ഥം.

കൊല്ലരുത് എന്നു പറഞ്ഞവർ തന്നെ മധ്യശതകങ്ങളിൽ കൊലയ്ക്ക് കൂട്ടുനിന്നില്ലേ എന്ന് ആരെങ്കിലും ചോദിച്ചേക്കാം. അപ്രകാരം ചെയ്തത് തെറ്റാണെന്നും അത് ക്രൈസ്തവ പ്രബോധനത്തിന് എതിരായിരുന്നെന്നും ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത് ഇത്തരുണത്തിൽ ഓർക്കുക നല്ലതാണ്. എന്നാൽ ലെനിനും സ്റ്റാലിനും മറ്റും റഷ്യയിലും പിന്നീട് സോവിയറ്റ് യൂണിയനിലും ചെയ്തതും, മാർക്സിസ്റ്റുകൾ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും, ചില ഏഷ്യൻ-അമേരിക്കൻ രാജ്യങ്ങളിലും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതുമായ മനുഷ്യക്കുരുതികളും ഭീകരപ്രവർത്തനങ്ങളും തെറ്റെന്ന് മാർക്സിസ്റ്റുകാർ ഇതുവരെ പറയാൻ കൂട്ടാക്കിയിട്ടില്ല. കേരളത്തിലെ മാർക്സിസ്റ്റുകാർ ഇതുവരെ പറയാൻ കൂട്ടാക്കിയില്ല. കേരളത്തിലെ മാർക്സിസ്റ്റുകാർ ചെയ്തതും ഇപ്പോൾ ചെയ്തുക്കൊണ്ടിരിക്കുന്നതും അതുതന്നെയാണ്. ഈ നിലപാടുകൾക്ക് കടകവിരുദ്ധമാണ്. ലക്ഷ്യം എത്ര നല്ലതായാലും കൊല്ലും കൊലയും നടത്തി അത് നേടിയെടുക്കുക എന്ന ശൈലി അംഗീകരിക്കാനാവില്ല. അങ്ങനെ ചെയ്യുന്ന പാർട്ടി ജനാധിപത്യത്തിന്റെ ചട്ടക്കൂടിൽ ഭരണഘടനാവിധേയമായി പ്രവർത്തിക്കാൻ നിർബന്ധിതമാകുമ്പോഴും, മൗലികമായി അവരുടെ നിലപാടുകളിലും പ്രത്യയശാസ്ത്രത്തിലും മാറ്റം വരുത്താത്തിടത്തോളം, ചെയ്യുന്ന വിട്ടുവീഴ്ചകൾ താൽക്കാലിക നീക്കുപോക്കുകൾ മാത്രമായിരിക്കും. ജനാധിപത്യത്തിൽ അടിത്തറയിട്ട ഭരണഘടന സാക്ഷിയാക്കി അധികാരത്തിലേറിയശേഷം, അതേ ഭരണഘടനയുടെ വ്യവസ്ഥകളെയും സ്ഥാപനങ്ങളെയും വെല്ലുവിളിക്കുന്നതും അട്ടിമറിക്കാൻ ശ്രമിക്കുന്നതും പ്രസ്താവനയെ സാധൂകരിക്കുന്നു.

കേരളത്തിൽ സഭയ്ക്കും സർക്കാരിനും ഇടയിൽ ഇന്നുണ്ടായ വിടവ്, കേവലം സി. പി. എം എന്ന പാർട്ടിയും കത്തോലിക്കാ സഭയും തമ്മിലുള്ള വഴക്കായി ചുരുക്കാവുന്നതല്ല. ഭാരതത്തിലെ ജനാധിപത്യ വ്യവസ്ഥയിൽ സഭയ്ക്ക് ലഭ്യമാക്കിയിട്ടുള്ള അവകാശാധികാരങ്ങളെ കവർന്നെടുക്കാൻ ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന ശ്രമങ്ങൾക്കും, അതിലൂടെ മാർക്സിസ്റ്റ് പ്രത്യയസ്ത്രവും അതിലൂന്നിയ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ വ്യവസ്ഥതിയും അടിച്ചേല്പിക്കാനുള്ള ശ്രമത്തിനുമെതിരെ ഉള്ള ജനകീയ പ്രതികരണമാണവ. നിതാന്ത ജാഗ്രതയാണല്ലോ ജനാധിപത്യത്തിന് ജനങ്ങൾ കൊടുക്കേണ്ട വില. ജനപ്രതിനിധികൾ ഗൂഢലക്ഷ്യങ്ങളോടെ അവർക്കിഷ്ടപ്പെട്ട നിയമങ്ങൾ ഭരണഘടനയ്ക്ക് എതിരായി പോലും ഉണ്ടാക്കാൻ ശ്രമിച്ചെന്നുവരാം. അതിനെതിരെ പ്രതികരിക്കേണ്ടത് ഓരോ പൗരന്റെയും അവകാശമാണ്. ഒരു കൂട്ടുകക്ഷി മന്ത്രിസഭ ഇതാണ് ചെയ്യുന്നതെങ്കിൽ ഒറ്റക്കു ഭരണം കിട്ടിയാൽ മാർക്സിസ്റ്റുകൾ അവരുടെ ഏകാധിപത്യം നടപ്പാക്കുമെന്നതിൽ സംശയിക്കേണ്ടതില്ലല്ലോ. അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം കേരളത്തെ എവിടെ കൊണ്ടു ചെന്നെത്തിക്കുന്നുമെന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഭാരതത്തിൽ രൂപം കൊടുത്ത ജനാധിപത്യ സമ്പ്രദായവും അതിലുൾച്ചേർന്ന മതവിശ്വാസാവകാശങ്ങളും ന്യൂനപക്ഷാവകാശങ്ങളും അഭംഗുരം നിലനിൽക്കുക തന്നെ വേണം. അത് മതങ്ങളുടെ മാത്രമല്ല, ഇവിടത്തെ പൊതുസമൂഹത്തിൽ തന്നെ നിലനിൽപിന് ഒഴിച്ചുകൂടാനാവാത്തതുമാണ്.

മതേതര രാഷ്ട്രമായ ഭാരതത്തിൽ, മതവിശ്വാസങ്ങളും ബന്ധപ്പെട്ട മതാചാരങ്ങളും തികച്ചും സ്വകാര്യവിഷയമാണെന്നും അവയെ രാഷ്ട്രീയവത്കരിക്കുന്നത് അപകടമാണെന്നും ചിലർ പറയുന്നു. മതമില്ലാത്തത് എന്നല്ല, എല്ലാ മതങ്ങൾക്കും തുല്യപരിഗണന കൊടുക്കുന്നത് എന്നാണ് മതേതരത്വത്തിന് ഭാരതം കൊടുക്കുന്ന വ്യാഖ്യാനം. മതവിശ്വാസങ്ങളും മതാചാരങ്ങളും സ്വകാര്യ വിഷയമാണെന്ന വാദം പൂർണമായും ശരിയാണെന്നു തോന്നുന്നില്ല. ഏതു മതത്തിൽ വിശ്വസിക്കണം, എന്ത് വിശ്വസിക്കണം എന്നതൊക്കെ വ്യക്തിയുടെ വിവേചനാധികാരത്തിൽ വരുന്ന സ്വകാര്യവിഷയങ്ങളാണെങ്കിലും മതത്തെയും മതവിശ്വാസത്തെയും പൂർണ്ണമായും രാഷ്ട്രീയത്തിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ല എന്ന് ഇതുവരെയുള്ള അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മതത്തിനെതിരെയുള്ള ആക്രമണം രാഷ്ട്രീയത്തിൽ നിന്നു വരുമ്പോൾ രാഷ്ട്രീയപാർട്ടികളാണ് മതത്തെ രാഷ്ട്രീയവത്ക്കരിക്കുന്നത് എന്നു പറയേണ്ടി വരും. സ്വന്തം നിലനിൽപ്, ഭീഷണിയെ നേരിടുമ്പോൾ, മതവിശ്വാസികൾ എതിർക്കുക തന്നെ ചെയ്യും. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഉള്ളതുകൊണ്ടാണ് ഭാരതത്തിൽ മതമൗലികവാദം ശക്തിപ്പെടാത്തത് എന്നും, അതിനാൽ മതസൗഹാർദ്ദം പുലരാൻ ഇത്തരം പ്രസ്ഥാനങ്ങൾ ഉണ്ടായിരിക്കണം എന്നുമുള്ള വാദത്തിലും കഴമ്പില്ല. കേരളത്തിലും ബംഗാളിലും ത്രിപുരയിലും മാത്രമാണല്ലോ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കാര്യമായ വേരോട്ടമുള്ളത്. അപ്പോൾ മറ്റ് ഭൂരിപക്ഷ സംസ്ഥാനങ്ങളിൽ മതമൗലികവാദികൾ കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കാത്തത് എന്തുകൊണ്ട് എന്ന ചോദ്യമുയരുന്നു. അതേസമയം തന്നെ മുമ്പു പറഞ്ഞ സംസ്ഥാനങ്ങളിൽ മതമൗലികവാദം ഇല്ലായ്മ ചെയ്യപ്പെട്ടോ എന്നതും ഉത്തരം ലഭിക്കേണ്ട ചോദ്യമാണ്. കേരളത്തിലെ മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ മുന്നിൽ നിൽക്കുന്നത് ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്നും ചിലർ പ്രചരിപ്പിച്ചുകാണുന്നു. എന്നാൽ, കേരളത്തിൽ ക്രൈസ്തവർ ന്യൂനപക്ഷമല്ല എന്ന് രാജ്യത്തെ പരമോന്നത കോടതികളിൽ പറഞ്ഞ ഇടതുപക്ഷ സർക്കാരിന് ഈയൊരു അവകാശമുന്നയിക്കാനാവുമോ? ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്ക് കൊടുത്ത അവകാശങ്ങളെ, ഇവരിൽ ചിലർ സാമ്പത്തിക പുരോഗതി കൈവരിച്ചു എന്നതിന്റെ പേരിൽ എടുത്തുകളയാൻ ശ്രമിക്കുന്നതും ന്യൂനപക്ഷവിരോധത്തിന്റെ ഭാഗം തന്നെ. മാത്രവുമല്ല, അത് ക്രൈസ്തവ വിരോധം കൂടിയാണെന്ന് സാഹചര്യങ്ങൾ തെളിയിക്കുന്നു.